ഡോ. കെ. എൻ. പണിക്കർ ചെയർമാനായുള്ള എഡിറ്റോറിയൽ കമ്മിറ്റിയും വകുപ്പിന് വേണ്ട സാങ്കേതിക ഉപദേശം നൽകിവരുന്നു. രേഖകളുടെ ശാസ്ത്രീയ സംരക്ഷണത്തിന് നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യ, ഇന്റർനാഷണൽ കൗൺസിൽ ഓഫ് ആർക്കൈവ്സ്, കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ആർ.എൽ.സി. എന്നിവയിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ചുവരുന്നു.

സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്

85 (5255) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധങ്ങളായ പൈതൃക സ്ഥാപനങ്ങളുടെ പഠനത്തിനും ഗവേഷണത്തിനുമായി സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് ;

(ബി) ബേപ്പൂർ കപ്പൽ നിർമ്മാണ പൈതൃക പഠനത്തിനായി പ്രസ്തുത കേന്ദ്രം ഇതുവരെ എന്തൊക്കെ പഠനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി ഈ കേന്ദ്രം മറ്റേതൊക്കെ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭമായിട്ടാണ് ഈ പഠന പരിപാടി നടത്തുന്നത് ;

(ഡി) ഇതിനായി എന്തു തുക ചെലവിടാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൈതൃക പഠനത്തിൽ താത്പര്യമെടുക്കുന്ന കേരളത്തിലെ മറ്റു സ്ഥാപനങ്ങളുമായി സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് സഹകരിച്ചുവരുന്നു. വയനാട്ടിലെ ഇടയ്ക്കൽ ഗുഹയുടെ പ്രചരണത്തിനുവേണ്ടി ശ്രേയസ്സിൽ വച്ച് അഖിലേന്ത്യാ റോക്ക് ആർട്ട് സൊസൈറ്റി നടത്തിയ സെമിനാറിലും ഇടയ്ക്കൽ ഗുഹയെപ്പറ്റി വിശദവിവരങ്ങളടങ്ങിയ ലീഫ്ലെറ്റുണ്ടാക്കുന്നതിലും ഈ കേന്ദ്രം പങ്കാളിയായിട്ടുണ്ട്. പല കോളേജുകളിലും ഹെറിറ്റേജ് ക്ലബ്ബുകൾ സംഘടിപ്പിക്കുകയും അവയ്ക്കുചുറ്റുമുള്ള സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നേതൃത്വം കൊടുത്തുവരികയും ചെയ്യുന്നു. പൈതൃക പഠനത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഡയറക്ടർ തയ്യാറാക്കിയ പുസ്തകം അച്ചടിയിലാണ്. ഹോർത്തൂസ് മലബാറിക്കസ് എന്ന പേരിൽ ഔഷധസസ്യങ്ങളുടെ പ്രചരണത്തിനായി രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ഹിൽപാലസിൽ ഔഷധോദ്യാനം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബേപ്പൂരിൽ പൈതൃകമായി നിർമ്മിച്ചുവരുന്ന കപ്പൽ നിർമ്മാണത്തെപ്പറ്റി ഡയറക്ടർ ജനറൽ വളരെക്കാലമായി നടത്തിവന്ന പഠനങ്ങളുടെ വെളിച്ചത്തിലാണ് ഇത്തരമൊരു പൈതൃക കപ്പൽ നിർമ്മാണ പദ്ധതി ഏറ്റെടുക്കുവാൻ നേതൃത്വം നൽകിയിട്ടുള്ളത്. ഈ രംഗത്ത് പ്രവർത്തിച്ചു വരുന്ന അവിടുത്തെ നിർമ്മാണ ഏജൻസികളും നിർമ്മാണ വിദഗ്ദ്ധരും മറ്റുമായി ഈ പദ്ധതിക്കുവേണ്ടിയുള്ള സർവ്വേ നടത്തിയിട്ടുണ്ട്.

(സി) കോഴിക്കോടുള്ള വാസ്തു വിദ്യാപ്രതിഷ്ഠാനം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ വിദഗ്ദ്ധർ, കൊച്ചി സർവ്വകലാശാലയിലെ ഷിപ്പ് ഡിസൈനേഴ്സ് എന്നിവരുമായി പഠന പരിപാടികൾ ചർച്ച ചെയ്തിട്ടുണ്ട്.

(ഡി) 20 ലക്ഷം രൂപയാണ് കോഴ്സിന് വകയിരുത്തിയിട്ടുള്ളത്. കോഴ്സിനാവശ്യമായ പരിശീലനത്തിനുണ്ടാകുന്ന ഒരു പരമ്പരാഗത കപ്പൽ മുസിരിസ് പൈതൃക പദ്ധതിയിലേക്ക് വാങ്ങുവാൻ ടൂറിസം വകുപ്പ് 50 ലക്ഷം രൂപയും സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന് അനുവദിച്ചിട്ടുണ്ട്.

പരമ്പരാഗത ശിൽപ്പികളെ സഹായിക്കാൻ കേന്ദ്ര സർക്കാർ അനുവദിച്ച തുക

86 (5256) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത ശിൽപ്പികളെ സഹായിക്കാൻ കേന്ദ്ര സർക്കാർ അനുവദിച്ച രണ്ടു കോടി രൂപ എന്ത് കാര്യത്തിന് വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ശിൽപ്പികളുടെ ക്ഷേമത്തിനും അവരെ സഹായിക്കാനുമായി ഏഴു വർഷം മുമ്പ് വാങ്ങിക്കൂട്ടിയ 50 ലക്ഷം രൂപയുടെ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പരമ്പരാഗത ശിൽപ്പികളെ സഹായിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ കേരളത്തിൽ ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ ഒരു റാ മെറ്റീരിയൽ ബാങ്ക് തുറക്കുന്നതിനായി രണ്ടുകോടി രൂപയുടെ പദ്ധതി അനുവദിക്കുകയും അതിന്റെ ആദ്യ ഗഡുവായി കോർപ്പറേഷന് ഒരു കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഒരു കോടി രൂപയിൽ നിന്നും ശിൽപ്പികൾക്ക് വിതരണം ചെയ്യുന്നതിലേക്കായി ഈട്ടി, ചന്ദനം, കുമ്പിൾ മുതലായ റാ മെറ്റീരിയൽ വാങ്ങുന്നതിനായി 70.41 ലക്ഷം രൂപ നാളിതുവരെ ചെലവാക്കിയിട്ടുണ്ട്. ബാക്കി 29.59 ലക്ഷം രൂപ തടികൾ വാങ്ങുന്നതിനായി ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുകയാണ്. തടികൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ബാക്കി രൂപയും ഉപയോഗിക്കുന്നതാണ്. ഈ തടികൾ ന്യായവിലയ്ക്ക് ശിൽപ്പികൾക്കാണ് വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly